2600050

A-521

~~480~~

521

...IBRARY,

# രാജകേസരി.

2600050

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY

കെ. ആർ. ഭാസ്കരൻ.

കേരളഭാനു ഗ്രന്ഥാവലി 3.

# രാജകേസരി.

(ചരിത്രകഥ)

SEN GUPTA MEMORIAL READING ROOM & LIBRARY
PUTHIYARA.

ഗ്രന്ഥകർത്താ:

കെ. ആർ. ഭാസ്കരൻ.

REVISED EDITION

THE KERALA BHANU BOOK-DEPOT,
PUDUKAD, COCHIN STATE.

ഗുരുവിലാസം പ്രസ്സ്, തൃശ്ശിവപേരൂർ.

1108

PRICE 0-2-0] [വില-രണ്ടണ.

പകർപ്പവകാശം ഗ്രന്ഥകർത്താവിന്

894.83
BHA

1-ാം പതിപ്പ് 1104 വൃശ്ചികം. 1-ാംനു 500. പ്രതി.

2-ാം പതിപ്പ് 1108 മീനം. 1-ാംനു 1000. പ്രതി.

# അവതാരിക.

മലയാളഭാഷയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുസ്തകങ്ങളെ, കൊള്ളാവുന്നവയെന്നും കൊള്ളരുതാത്തവയെന്നും രണ്ടായി തരംതിരിക്കാം. ഇതിൽ ആദ്യത്തെ തരത്തിലുള്ള പുസ്തകങ്ങൾ ചുരുക്കവും മറേറതു് ധാരാളവുമായിട്ടാണു് കാണുന്നതു്. ധാരാളങ്ങളായ പുസ്തകങ്ങളുടെ നിൎമ്മാതാക്കൾക്കു് ധനനഷ്ടവും ഇച്ഛാഭംഗവും മാത്രമാണു് പ്രതിഫലം. ആവക പുസ്തകങ്ങളുടെ ഒന്നാം പതിപ്പുതന്നെ ഗ്രന്ഥകാരന്റെ ഉദ്യമത്തിന്നു മതിപ്പുപരത്തുന്നു.

പ്രകൃതത്തിലിരിക്കുന്ന "രാജകേസരി" എന്ന പുസ്തകം മേല്പറഞ്ഞ ഒന്നാം തരത്തിൽ പെട്ടതായി കാണുന്നതിൽ എനിക്കു അമിതമായ സന്തോഷമുണ്ടു്. പ്രചുരപ്രചാരമുള്ള ഈ പുസ്തകത്തിന്റെ രണ്ടാം പതിപ്പിന്നു ഒരവതാരികയുടെ ആവശ്യം എന്താണെന്നു മനസ്സിലാകുന്നില്ല. പുനരാവൎത്തനയിലുള്ള പ്രസിദ്ധീകരണം പുസ്തകത്തിന്റെ നന്മയേയും സഹൃദയ സമ്മതിയേയുമാണല്ലോ പ്രകാശിപ്പിക്കുന്നതു്. ഈ പുസ്തകത്തിന്റെ നിൎമ്മാതാവായ ശ്രീമാൻ കെ. ആർ. ഭാസ്കരൻ അവർകളുടെ സാഹിത്യപരിശ്രമത്തിന്റെ ഫലങ്ങളായ പല പുസ്തകങ്ങളും കേരളീയൎക്കു സുപരിചിതങ്ങളും സുസമ്മതങ്ങളുമാകയാൽ ഈ യുവാവിന്റെ കവനചാതുൎയ്യത്തേയും ഇവിടെ പ്രസ്താവിക്കേണ്ടതായ ആവശ്യം കാണുന്നില്ല. ഗ്രന്ഥകാരന്നു എന്നോടുള്ള പ്രത്യേകത, ഇതിൽ ഒരു പങ്കെടുപ്പാൻ അനുവദിക്കുന്നു എന്നു മാത്രമാണു് ഞാൻ വിചാരിക്കുന്നതു്.

ഇതിലെകഥാവസ്തു യശശ്ശരീരിയും വർണ്ണ്യപുരുഷനുമായ കൊച്ചി ശക്തൻതമ്പുരാൻ തിരുമനസ്സിലെ ഒരു ഔദാര്യ കൃത്യമാണ്. അതിനെ ഗ്രന്ഥകാരൻ ലളിത ഭാഷയിൽ വിശദമായും ഭംഗിയായും പ്രതിപാദിച്ചിട്ടുണ്ടു.

ഈ പുസ്തകം ചെറുതാണെങ്കിലും ഇതിൽ നിന്നു പല സാരങ്ങളും ഗ്രഹിപ്പാനുണ്ട്. പ്രത്യേകിച്ച കേരളത്തിലെ ആതിത്ഥ്യശ്രദ്ധ, ദയനീയാവസ്ഥയിൽ ഉഴലുന്ന അന്തർജ്ജനത്തിന്റെ വാക്കിൽനിന്നും പ്രവൃത്തിയിൽനിന്നും പഠിക്കേണ്ടതാണ്. ആ സാദ്ധ്വിയായ ഗൃഹനായിക, "എന്റെ ജന്മത്തിൽ ഞാൻ ഒരതിഥിയെ ഒന്നും കൊടുക്കാതെ മടക്കി അയച്ചിട്ടില്ല. ഇപ്പോൾ അതിന്നും സംഗതി വരുത്തിയല്ലോ" എന്നു മനസ്താപപ്പെടുകയും എന്തെങ്കിലും ലഘുവായ ഭക്ഷണംകൊണ്ടു തൃപ്തിപ്പെടാമെന്നുള്ള അതിഥിയുടെ അഭിപ്രായമറിഞ്ഞപ്പോൾ സന്തോഷിക്കുകയും തന്റെ ചെറുപൈതലിന്നു അത്താഴത്തിന്നു വെച്ചിട്ടുള്ള ഉരുളയും ചീരക്കറിയും ആദരത്തോടുകൂടി അതിഥിക്കു സല്ക്കരിച്ചു കൃതാർത്ഥയാവുകയും ചെയ്യുന്നു.

യുവാവായ ഗ്രന്ഥകാരൻ സാഹിത്യലോകത്തിൽ ഒരുന്നതസ്ഥാനത്ത് ശോഭിക്കുവാൻ ജഗദംബികയായ കുറുമാലി ഭഗവതി അനുഗ്രഹിക്കട്ടെ!

കുറുമാലി
28_7_108 } ചങ്ങരംകോത കൃഷ്ണൻകർത്താ.

# മുഖവുര.

നാലഞ്ചുകൊല്ലം മുമ്പ് ഞാൻ ഹൈസ്കൂൾവിദ്യാൎത്ഥിയായിരുന്ന കാലത്തു എഴുതിയതാണ് ഈ ചെറുകഥ. സജ്ജനസമക്ഷം പ്രദൎശിപ്പിക്കത്തക്ക യോഗ്യതകൾ ഒന്നുംതന്നെ ഇതിന്നില്ല. ഇതു അതിന്നുവേണ്ടി കരുതിക്കൂട്ടി എഴുതിയതും അല്ല. അന്നു തമാശക്കുവേണ്ടി എഴുതിയ ഈ കഥയുടെ ഏതാനും ഭാഗങ്ങൾ ഇയ്യിടെ "മലയാളദേശാഭിമാനി"യിലും 'കഥാമാലിക'യിലും പ്രസിദ്ധപ്പെടുത്തി. സഹൃദയന്മാരായ ചില സ്നേഹിതന്മാരുടെ ഉപദേശപ്രകാരമാണ് ഇപ്പോൾ ഇതിനെ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതു്. ഔദാൎയ്യനിധികളും ഭാഷാഭിമാനികളുമായ മഹാജനങ്ങളുടെ അനുഗ്രഹത്തെ പ്രതീക്ഷിച്ചുകൊണ്ടു ഈ ലഘുകൃതിയെ ഞാൻ സഹൃദയസമക്ഷം സമൎപ്പിച്ചുകൊള്ളുന്നു.

രാപ്പാൾ
1104 വൃശ്ചികം 1-ാംനു } കോമത്തുകാട്ടിൽഭാസ്കരൻ

രണ്ടാംപതിപ്പിൻെറ

# മുഖവുര.

---

‘രാജകേസരി’ക്ക ഒരു രണ്ടാംപതിപ്പ അടുത്തകാലത്തു വേണ്ടിവരുമെന്നു് ഞാൻ വിചാരിച്ചിരുന്നില്ല. മഹാജനങ്ങൾ എൻെറ സാഹിത്യപരിശ്രമങ്ങളെ അഭിനന്ദിച്ചുകാണുന്നതിൻെറ ഫലമായി ഇങ്ങിനെ ഒരു രണ്ടാംപതിപ്പ പുറത്തിറക്കുവാൻ സംഗതിയായതിൽ എനിക്ക അനല്പമായ സന്തോഷമുണ്ടു്. പണ്ഡിതവൎയ്യനും, കൊച്ചി ടെക്സ്റ്റ് ബുക്കകമ്മററി മെമ്പറുമായ രാജശ്രീമാൻ സി. കൃഷ്ണൻകൎത്താവവർകളുടെ ഒരവതാരിക ലഭിച്ചാൽ ഈ കൃതിക്ക പലതുകൊണ്ടും ഗുണമുണ്ടാകുമെന്നുള്ള വിശ്വാസത്തോടുകൂടി ആ മാന്യനോട്ട ഒരു അവതാരിക ആവശ്യപ്പെടുകയും, അദ്ദേഹം പുസ്തകം സശ്രദ്ധം വായിച്ചുനോക്കി അത്യാവശ്യം ചില ഉപദേശങ്ങൾ നൽകിയതിന്നു പുറമെ സമുചിതമായ ഒരവതാരിക എഴുതിത്തരികയും ചെയ്തതിന്നു അദ്ദേഹത്തോട്ട ഞാൻ ഹൃദയപൂൎവ്വം നന്ദിപറഞ്ഞുകൊള്ളുന്നു.

രാപ്പാൾ.
108 മീനം 1-ാംനു- } ഗ്രന്ഥകൎത്താ.

# രാജകേസരി.

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY

## ഒന്നാം അദ്ധ്യായം.

മദ്ധ്യാഹ്നസൂൎയ്യന്റെ പ്രചണ്ഡകിരണങ്ങൾ ഭൂമിയെ ചുട്ടുകരിക്കുന്ന ഈ സമയത്തു യൌവ്വനയുക്തനായ ഒരു ധീരപുരുഷൻ വെയിലിനെ ഗണ്യമാക്കാതെ അതാ നേരെ വടക്കോട്ടു പോകുന്നു. ആൾ കണ്ടാൽ ഒരു ഗംഭീരൻ; മുഖത്തു വീരതേജസ്സ് കളിയാടുന്നുണ്ട്. വിരിവേറിയ നെററി, വിശാലമായ കണ്ണുകൾ, മുട്ടോളം കൈവീശീടിന ഘനനട; ഇവയും മററും കണ്ടാൽ ഈ ആൾ ഒരു അസാമാന്യപുരുഷനാണെന്ന് ആരും വിചാരിച്ചുപോകുവാൻ എളുപ്പമുണ്ട്. അരയിൽ ഒരു തോൎത്തുമുണ്ടും തലയിൽ ഒരു തലേക്കെട്ടും മാത്രമേ വസ്ത്രങ്ങളായി കാണ്മാനുള്ളൂ. പൂണുനൂലും ഉണ്ട്. കയ്യിൽ ഒരു ചെറുവടി പിടിച്ചിട്ടുണ്ട്. വിയൎപ്പുതുള്ളികൾ നെററിയിന്മേലും മുഖത്തും ധാരാളം പൊടിഞ്ഞുകാണുന്നു. വഴിമദ്ധ്യേ കാണുന്ന സകല ഭവനങ്ങളേയും ആളുകളേയും ഇദ്ദേഹം വളരെ സൂക്ഷിച്ചു നോക്കുന്നുണ്ട്. ചിലരോടു ഇദ്ദേഹം എന്തോ ഒക്കെ ചോദിക്കുന്നതുമുണ്ട്. ഇങ്ങിനെ നടന്നുകൊണ്ടിരിക്കെ, ഒരു ഭവനം കാണുകയും വഴിയാത്രക്കാരൻ അവിടെ അല്പനേരം നില്ക്കു

കയും ചെയ്തു. വഴിയാത്രക്കാരന്റെ ശ്രദ്ധയെ ആകർഷിച്ച്തു ആ ഭവനമല്ലാതെ മറെറാന്നുമല്ല.

ആ ഭവനം വളരെ പുരാതനമായ ഒന്നാണെന്നു ആക്കും തോന്നാതിരിക്കയില്ല. വളരെ ഉറപ്പോടുകൂടി പണിതിരുന്ന ആ ഭവനം ഇപ്പോൾ ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്നു. അതിന്റെ ഒരു ഭാഗത്തുമാത്രം രണ്ടുമൂന്നു മുറികൾ വലിയകേടൊന്നും കൂടാതെ കാണുന്നുണ്ട്. അതിൽ ചിലർ താമസിക്കുന്നുണ്ടെന്നു തീച്ചയാണ്. ഇങ്ങിനെ ആ വലിയ ഭവനം ജീണ്ണപ്പെട്ടുകിടക്കുന്നതു കണ്ടാൽ എത്രതന്നെ വലിയ ആപത്തുകൾ ആ വീട്ടുകാക്ക് സംഭവിച്ചിട്ടുണ്ടെന്നു വിചാരിക്കാം. കല്ലുകളും മരങ്ങളും അവിടവിടെയായി കിടക്കുന്നു. പുരത്തറയിന്മേൽ പുല്ലുപിടിച്ചുകിടക്കുന്നതു കണ്ടാൽ ഏതു കഠിനഹൃദയന്റെയും ഹൃദയത്തിന്നു അലിവു തോന്നാതിരിക്കയില്ല. കൂട്ടിയിട്ടിരിക്കുന്ന മരങ്ങൾ ചിലയിടങ്ങളിൽ കത്തിയിരിക്കുന്നതു കണ്ടാൽ വല്ലവരും ആ ഭവനത്തെ ഇടിച്ചുപൊളിച്ചതിന്നുശേഷം തീയും വെച്ചിട്ടാണ് പോയതെന്നു ഊഹിക്കാം. ഇതെല്ലാം കണ്ടതുകൊണ്ടൊ മറേറാ ആയിരിക്കണം നമ്മുടെ വഴിയാത്രക്കാരൻ അതിന്റെ പടിക്കൽ നിന്നതു. അല്പനേരം നിന്നതിൽപിന്നെ ആ ആൾ വേഗത്തിൽ വീട്ടിലേക്കു കയറിച്ചെന്നു.

വഴിയാത്രക്കാരൻ:—ഇവിടെ ആരുമില്ലേ? ഒരു വഴിയാത്രക്കാരൻ വന്നിട്ടുണ്ട്. (ഇതു കേട്ടപ്പോൾ അകത്തു

നിന്നു ഏകദേശം 45 വയസ്സ് പ്രായമുള്ള ഒരു സ്ത്രീ വാതിലിന്റെ മറവിൽ നിന്നുകൊണ്ടു)

സ്ത്രീ – ഇവിടത്തെ ആൾ ഇവിടെ ഇല്ല.

വഴിയം — നമ്പൂതിരി എവിടെ പോയി?'

സ്ത്രീ — തൃശ്ശൂക്ക് ഇന്നലെ പോയതാണ്.

വഴിയാ — എന്തിനാ പോയത്?

സ്ത്രീ — കോവിലകത്തു പോകണമെന്നു പറഞ്ഞിട്ടാണുപോയത് തമ്പുരാനെ ഒന്നു കാണേണ്ട ആവശ്യമുണ്ട്.

വഴിയാ — തമ്പുരാനെ കണ്ടിട്ടെന്താണ് ആവശ്യം?

സ്ത്രീ — ഞങ്ങളുടെ സങ്കടം തമ്പുരാനെ ഉണത്തി വല്ലതും സഹായം ചെയ്തുതരുവാൻ അപേക്ഷിക്കാൻ.

വഴിയാ — നിങ്ങൾക്കെന്താണ് സങ്കടംനേരിട്ടിരിക്കുന്നത്?

സ്ത്രീ — ഇവിടത്തെ കിടപ്പെല്ലാം കണ്ടില്ലേ? എത്ര വലിയ ഇല്ലമായിരുന്നു ഇത്! ആ ദുഷ്ടനായ ടിപ്പുസുൽത്താന്റെ സൈന്യം ചെയ്ത പണിയാണിതെല്ലാം. അവന്റെ പട വന്നപ്പോൾ ഞങ്ങൾ ഇതെല്ലാം വിട്ടു അടുത്തുള്ള മലയിൽ പോയി ശരണംപ്രാപിച്ചു. സകല മുതലുകളും എടുത്തുകൊണ്ടുപോയതിന്നുപുറമെ ഇല്ലം ഇടിച്ചു പൊളിക്കയും കൊള്ളിവെക്കയും ചെയ്തു. ഈ രണ്ടു മുറികൾക്കുമാത്രം വലിയ കേടൊന്നും പററിയിട്ടില്ല. 'കൊററക്കുട ചൂടും റാണി'പോലെ വാണിരുന്ന ഞാൻ 'കൊ

ററിന്നൊഴക്കരി' കിട്ടാതെ ഉഴലുകയാണ്. എന്തിന്നധികം പറയുന്നു! ഞങ്ങളുടെ ഇല്ലം ദാരിദ്ര്യദേവതയുടേയും നിൎഭാഗ്യങ്ങളുടേയും നൃത്തരംഗമായിത്തീൎന്നിരിക്കുന്നു. ദിവസത്തിൽ ഒരുനേരം കഞ്ഞികുടിക്കുന്നതിന്നുംകൂടി വഴിയില്ലാ. നാലഞ്ചു വയസ്സു പ്രായമുള്ള എന്റെ ഇളയ മകൾ കരയുമ്പോൾ ഞാനെന്താണ് കൊടുക്കേണ്ടത്! പിന്നെ കൂനിന്മേൽ കുരു എന്ന മട്ടിൽ എന്റെ മൂത്തമകൾക്കു 21 വയസ്സു പ്രായമായിരിക്കയാണ്. മകളെ വേളി കഴിച്ചുകൊടുക്കേണ്ടതിന്നു കയ്യിൽ ഒരു കാശുപോലുമില്ല. എന്തുചെയ്യട്ടെ! ഇതിലേക്കു വല്ല സഹായവും തമ്പുരാനെ ചെന്നു കണ്ടാൽ കിട്ടുമെന്നു കരുതി പോയിരിക്കയാണ്. തമ്പുരാൻ ഈ നിൎഭാഗ്യവാന്മാൎക്കു വല്ലതും തരുമോ ആവോ.

വഴിയാ— എനിക്കു നിങ്ങളുടെ ദുരവസ്ഥ കണ്ടിട്ടു വളരെ വ്യസനമുണ്ട്. പക്ഷെ നമ്പൂതിരി പോയ കാൎയ്യം സാധിക്കുമോ എന്നാണെനിക്കു സംശയം. ഇപ്പോൾ തമ്പുരാൻ അവിടെ ഇല്ല. തമ്പുരാൻ പതിവുപോലെ വേഷം മാറി ഓരോ ദിക്കുകളിലേക്കു, രാജ്യത്തു വല്ല അനീതികളും മററും നടക്കുന്നുണ്ടോ എന്നറിവാനായി, പോയിരിക്കയാണ്. ഇന്നോ നാളെയോ അവിടെ മടങ്ങി എത്തുകയുള്ളുവെന്നാണ് കേട്ടത്.

സ്ത്രീ—അയ്യോ ദൈവമേ! എത്ര നിൎഭാഗ്യവാന്മാരാണു ഞങ്ങൾ!

വഴിയാ—അങ്ങിനെ വിചാരിക്കേണ്ട. ആരും തുണയില്ലാത്തവരെ ദൈവം സഹായിക്കാതിരിക്കയില്ല. തമ്പുരാനെ കണ്ടില്ലെങ്കിൽ ഇനിയും പോകണം, കണ്ടാൽ ദയാലുവായ തമ്പുരാൻ വല്ലതും സഹായിക്കാതിരിക്കയില്ല.

സ്ത്രീ—എല്ലാം ദൈവേഷ്ടംപോലെ വരട്ടെ! അല്ലാതെ എന്തു ചെയ്യാം.

വഴിയാ—എനിക്കു വിശന്നിട്ടു പാടില്ലല്ലോ. വല്ലതും തരാതെ നിവൃത്തിയില്ല.

സ്ത്രീ—(ആത്മഗതം) ദൈവമേ! ഇവിടെ ഒന്നും ഇരിപ്പില്ലല്ലോ. ഇങ്ങിനെ ഒരതിഥി ഭക്ഷണം ചോദിച്ചിട്ടു ഞാനെങ്ങിനെയാണ് മടക്കി അയക്കേണ്ടത് (പ്രകാശം) ഇവിടെ നിങ്ങൾക്കു തരുവാനായി ഭക്ഷണസാധനങ്ങൾ ഒന്നുംതന്നെയില്ല. ഊണ് തയ്യാറാക്കുവാനാണെങ്കിൽ ഒരുപിടി അരിപോലും ഇവിടെ ഇല്ല. എന്റെ ജന്മത്തിൽ ഞാൻ ഒരതിഥിയെ ഒന്നും കൊടുക്കാതെ മടക്കി അയച്ചിട്ടില്ല. ഇപ്പോൾ അതിന്നും സംഗതി വരുത്തിയല്ലോ.

വഴിയാ—എനിക്കു അസാമാന്യമായ വിശപ്പുണ്ട്. എന്തെങ്കിലും അകത്തുണ്ടോ എന്നു നോക്കു.

സ്ത്രീ—അകത്തു എന്തിനാണ് നോക്കുന്നത്? ഒന്നും ഇല്ലല്ലോ.

വഴിയാ—കുട്ടിക്കു വല്ലതും വെച്ചിട്ടുണ്ടാവും; നോക്കു.

സ്ത്രീ—ഒരുപിടി ചോറും കുറച്ചുമോരും ചീരക്കറിയും മാത്രം വൈകുന്നേരത്തേക്കു വെച്ചിട്ടുണ്ട്.

വഴിയാ—എന്തായാലും വേണ്ടില്ല; എനിക്കു ഭക്ഷിപ്പാൻ അതു തരുമോ?

സ്ത്രീ—(സന്തോഷത്തോടുകൂടി) അവിടേക്കു അതെങ്ങിനെയാണ് തരിക എന്നു കരുതി ഞാൻ മനസ്താപപ്പെടുകയായിരുന്നു. നിങ്ങൾക്കു അതു കിട്ടിയാൽ മതി എന്നു കേട്ടപ്പോൾ മനസ്സു വല്ലാതെ സന്തോഷിച്ചു. കുളിക്കണെങ്കിൽ അതാ ആ കുളത്തിൽ പോയി കുളിച്ചുവരു.

വഴിയാ—അങ്ങിനെ ആട്ടെ! (എന്നുപറഞ്ഞു കുളിക്കാൻപോയി)

വഴിയാത്രക്കാരൻ കുളിയും ജപവും കഴിഞ്ഞു വന്ന ഉടനെതന്നെ ആ അന്തർജ്ജനം ഒരിലയുംവെച്ചു ചോറും കറിയും വിളമ്പി അടുത്തു ഒരു കിണ്ടി വെള്ളവും വെച്ചു മാറിനിന്നുകൊണ്ട് 'ഉണ്ണാനിരിക്കാം' എന്നു പറഞ്ഞു. വഴിയാത്രക്കാരൻ മോരും ചീരക്കറിയും കൂട്ടി വേഗത്തിൽ ഊണുകഴിഞ്ഞു സന്തോഷത്തോടുകൂടി എണീററു കൈകഴുകി. വഴിയാത്രക്കാരൻ സ്ത്രീ കേൾക്കുമാറു ഇപ്രകാരം പറഞ്ഞു: ഇന്നത്തെ ഊണു വളരെ നന്നായിരിക്കുന്നു. ഇതിൽപരം സന്തോഷം എനിക്കു ഒരുദിവസത്തെ ഊണിലും ഉണ്ടായിട്ടില്ല. ഞാൻ അടുത്തുതന്നെ ഇതിലെ ഇനിയൊരിക്കൽ വരാം. ഇപ്പോൾ പോകട്ടെ!

എന്നുപറഞ്ഞു വഴിയാത്രക്കാരൻ യാത്രപുറപ്പെട്ടു.

# രണ്ടാം അദ്ധ്യായം.

---

കൊല്ലവഷം 965_ാമാണ്ടു എല്ലാംകൊണ്ടും കൊച്ചിയുടെ ഗ്രഹപ്പിഴ മൂദ്ധന്യദശയെ പ്രാപിച്ച കാലമായിരുന്നു. ടിപ്പുസുൽത്താന്റെ പടയോട്ടവും ജനങ്ങളുടെ കാട്ടകേറലും മഹാരാജാവിന്റേയും ഇളയതമ്പുരാന്റേയും തീപ്പെടലും എല്ലാം ആ കൊല്ലത്തിലാണു നടന്നിരിക്കുന്നത്. അപ്പോൾ മൂന്നാംമുറയായിരുന്ന ശക്തൻതമ്പുരാൻ പതിവുപോലെ ഒരുകൊല്ലത്തെ പള്ളിദീക്ഷ ആചരിച്ചതിന്നുശേഷം സ്ഥാനാരോഹണംചെയ്തു. കായശക്തി ബുദ്ധിശക്തി ആജ്ഞാശക്തി എന്നീ മൂന്നുവിധം ശക്തികളും ഏകോപിച്ചിരുന്ന ഒരസാധാരണ പുരുഷനായിരുന്നു ശക്തൻതമ്പുരാൻ. 926_ാമാണ്ടു കക്കടകമാസത്തിൽ പൂയംനക്ഷത്രവും കറുത്ത വാവും കൂടിയ ദിവസമാണ് തമ്പുരാന്റെ ജനനം. ശക്തൻതമ്പുരാൻ നാടുവാണിരുന്ന കാലത്താണ് തൃശ്ശൂർപട്ടണത്തെ ഒരു നല്ല നിലയിൽ ആക്കിയത്. തമ്പുരാൻതന്നെ ചെന്നു നിന്നുകൊണ്ടാണത്രെ തേക്കിൻകാട വെട്ടിവെളുപ്പിച്ചത്. പാറമേക്കാവ് ക്ഷേത്രത്തിലെ കോമരം തമ്പുരാനോടു ഈ കാടുവെട്ടുന്നതിൽ വിരോധിച്ചു എന്നും കോമരത്തെ തിരുമേനി ശിരഃഛേദനം ചെയ്തു എന്നും മററും പലേ കഥകളും ഇന്നും നടപ്പുണ്ട്. നാം കാണുന്ന തൃശ്ശൂർകോവിലകം പണികഴിപ്പിച്ചത് ഈ തിരുമേനിയായിരുന്നു. കോവിലകം പണിതുകഴിഞ്ഞു പട്ടണത്തിന്നു ചുററും ഒരു കോട്ടയും കിടങ്ങും തമ്പുരാൻ ഉണ്ടാക്കിച്ചു. ഈ കോട്ട ഇന്നും നിലനില്ക്കുന്നുണ്ടല്ലോ. ഈ പട്ടണത്തിന്റെ രക്ഷക്കായ്

ഒരു ഈഴവസൈന്യവും തമ്പുരാൻ ഏൎപ്പെടുത്തി. ഈ സൈന്യത്തിന്റെ നായകനു തണ്ടാൻ എന്ന സ്ഥാനവും ചില വിശേഷ പദവികളും നല്കി. കൊച്ചിരാജ്യത്തു ഈഴവൎക്കു ആദ്യമായി രാജ്യഭരണവിഷയമായ ഒരുദ്യോഗം നല്കിയതു ഈ മഹാരാജാവാകുന്നു. കുററക്കാരെ ശിക്ഷിക്കുന്നതിൽ യാതൊരു ദാക്ഷിണ്യവും തമ്പുരാൻ കാണിച്ചിരുന്നില്ല. ഇന്നത്തെപ്പോലെ കോടതികളും പോലീസും അന്നില്ലാതിരുന്നതിനാൽ തമ്പുരാൻതന്നെ വേഷപ്രഛന്നനായി നടന്നു കുററക്കാരെ, എല്ലാം കണ്ടുപിടിച്ചു 'തെക്കേഗോപുരം' കടത്തുകയായിരുന്നു പതിവ്. വേഷപ്രഛന്നനായി നടക്കുമ്പോൾ കണ്ടെത്തുന്ന ദീനന്മാരും ദരിദ്രന്മാരുമായവൎക്കും തമ്പുരാൻ തക്കതായ സഹായങ്ങളും ചെയ്തുകൊടുക്കുക പതിവുണ്ട്; ശക്തൻതമ്പുരാന്റെ ഭരണകാലത്തു കൊച്ചിയിൽ ഒരനീതിയെങ്കിലും നടന്നിരുന്നില്ല. പേർ കേൾക്കുന്ന മാത്രയിൽതന്നെ ജനങ്ങൾ നടുങ്ങിയിരുന്ന ശക്തൻതമ്പുരാനു ചില പ്രത്യേക ഗുണങ്ങൾ ഉണ്ടായിരുന്നു. യോഗ്യത ആരിൽ കണ്ടുവോ അയാളെ തിരുമനസ്സിൽനിന്നു സ്നേഹിച്ചിരുന്നു. യോഗ്യതയെ ബഹുമാനിക്കുന്നതിൽ അദ്ദേഹം ജാതിമതഭേദങ്ങൾ നോക്കാറില്ല. ഇത്രയും നീതിയായും നിഷ്പക്ഷമായും രാജ്യഭാരം ചെയ്തിട്ടുള്ള ഒരു മഹാരാജാവ് ഇതേവരെ കൊച്ചിരാജവംശത്തിൽ ഉണ്ടായിട്ടില്ലെന്നു തീൎച്ചയായും പറയാവുന്നതാണ്; ഇനി ഉണ്ടാകുമോ എന്ന കാൎയ്യം സംശയവുമാണ്.

## മൂന്നാം അദ്ധ്യായം.

ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു കാലത്തു നീരാട്ടും അമരേത്തും കഴിഞ്ഞു പൂമുഖത്തു എഴുന്നള്ളി ഇരിക്കുന്നു. തമ്പുരാൻ- (തവണക്കാരനോടു) "അങ്ങു കോലായിൽ ഇരിക്കുന്ന ആ നമ്പൂതിരിയെ ഇങ്ങോട്ടു വിളിക്കൂ."

* * * * * * *

നമ്പൂതിരി പ്രവേശിച്ചു ഭയഭക്തിബഹുമാനങ്ങളോടുകൂടി തൊഴുതുനിന്നു.

തമ്പുരാൻ—എന്താ ഇങ്ങോട്ടു പുറപ്പെട്ടത്? വിശേഷിച്ചു വല്ലതും ഉണ്ടോ?

നമ്പൂതിരി—അല്പമൊന്നു ബോധിപ്പിപ്പാനുണ്ട്.

തമ്പു—എന്താ പറയൂ കേൾക്കട്ടെ!

നമ്പൂ—കഴിഞ്ഞ കൊല്ലത്തിലുണ്ടായ ടിപ്പുവിൻെറ ആക്രമത്തിൽ ഞങ്ങളുടെ ഇല്ലവും മററു സകല സ്വത്തുക്കളും നശിച്ചുപോയിരിക്കുന്നു. സകല സാധനങ്ങളും കവൎന്നെടുത്തതിന്നു പുറമെ ഇല്ലത്തിന്നു തീയും വെച്ചിട്ടാണ് അവൻ പോയത്. ലക്ഷ്മീദേവിയുടെ നൃത്തരംഗമായിരുന്ന ഞങ്ങളുടെ ഇല്ലത്തു ഇപ്പോൾ ദാരിദ്ര്യദേവതയുടെ കോലാഹലമാണ്. ദിവസത്തിൽ ഒരു നേരത്തെ കഞ്ഞിക്കുകൂടി വഴിയില്ലാതാണിരിക്കുന്നത്.

'വേണ്ടാ പറയേണ്ടയെന്റെയബ്ഭാഗ്യങ്ങൾ,
വീണ്ടുംവരാതെപറന്നുപോയി
തണ്ടലർസംഭവനങ്ങനെയെൻപിഞ്ചു
മണ്ടയിൽത്താഴ്ത്തിയെഴുതിപ്പോയി.'

എന്നു ചുരുക്കത്തിൽ പറവാനെ നിവൃത്തിയുള്ളു. ഇപ്പോൾ മൂത്ത മകളെ വേളികഴിച്ചുകൊടുക്കേണ്ട കാലമായി. കയ്യിൽ കാശൊന്നുമില്ല. അതിന്നു വല്ലതും അവിടുന്നു സഹായിച്ചെങ്കിലം എന്നു കരുതി ഇങ്ങോട്ടു വന്നതാണ്. എന്നെ സഹായിച്ചാൽ ദൈവം തുണസ്സാതിരിക്കയില്ല

തമ്പു—ഹ! ഹ! ഞാൻ എല്ലാം അറിഞ്ഞിരിക്കുന്നു. വിശേഷിച്ചു ഭേഷായി ഇന്നലത്തെ ചീരക്കറി കൂട്ടിയുള്ള ഉണ്ടണ്. ഇല്ലത്തു ചെന്നാലുടൻ ഇതു പറഞ്ഞോളൂട്ടോ— ഇനി നേരം വൈകേണ്ട—ഇല്ലത്തുള്ളവർ വ്യസനിക്കും; വേഗം പൊയ്ക്കോളൂ.

നമ്പൂ—(ആത്മഗതം) ഇന്നലത്തെ ചീരക്കറിയും ഉണ്ടണും എന്ത്? ഇതെന്തൊരു കഥയാണ്. ഇല്ലത്തു ചെന്നു ഇതു പറയണമെന്നും. തമ്പുരാനു നല്ല സുഖമില്ലെന്നുണ്ടോ? (പ്രകാശം) കല്പിച്ചതു എന്താണെന്നു മനസ്സിലായില്ല.

തമ്പു—നേരം വൈകാതെ പോവാൻ പറഞ്ഞതു കേട്ടില്ലേ? അർത്ഥവും അനർത്ഥവും ഒക്കെ അറിയണമെന്നുണ്ടോ?

തമ്പുരാന്റെ മുഖഭാവവും സംസാരവും കേട്ടതോടുകൂടി സാധു നമ്പൂതിരി കിടുകിടം വിറച്ചുതുടങ്ങി. ജീവനോടുകൂടി ഇല്ലത്തു മടങ്ങി എത്തിയാൽ മതിയെന്നു പ്രാൎത്ഥിച്ചു. വേഗത്തിൽ പൂമുഖത്തിൽനിന്നും ഇറങ്ങി പിന്നോക്കം ഇടക്കിടക്കു തിരിഞ്ഞുനോക്കിയുംകൊണ്ടു നടകൊണ്ടു. നമ്പൂതിരിയുടെ ആ യാത്ര കാണേണ്ടതായിരുന്നു. ഇപ്രകാരം ഭംഗത്തോടുകൂടി, യാതൊരുസന്തോഷവുമില്ലാതെ പണം വല്ലതും കിട്ടിയില്ലെങ്കിലും ജീവൻ പോകാതെ ഇല്ലത്തു മടങ്ങി എത്തിയാൽ മതിയെന്നുള്ള പ്രാൎത്ഥനയോടുകൂടി നടകൊണ്ട ആ സാധുബ്രാഹ്മണനെ കണ്ടാൽ ആരുടേയും കരളുരുകുന്നതായിരിക്കും.

* * * * * * *

പിറേറദിവസം ഉച്ചക്കു നമ്പൂതിരി സ്വന്തം ഇല്ലത്തുവന്നുചേൎന്നു. അകത്തുകടന്ന ഉടനെ ഭാൎയ്യയെനോക്കി:—

നമ്പൂതിരി:—മിനിഞ്ഞാന്നു ഇവിടെ വന്നു ആരെങ്കിലും ഊണു കഴിച്ചുപോയോ?

ഭാൎയ്യ—നമ്പൂതിരിയോ തിരുപ്പാടോ എന്നറിഞ്ഞില്ല; ഒരാൾ നട്ടുച്ചനേരത്തു വളരെ വിശന്നുവലഞ്ഞു വല്ലതും വിശപ്പടക്കാൻ തരണമെന്നു പറഞ്ഞു ഇവിടെ വന്നു. ഒന്നും കൊടുപ്പാനില്ലെന്നു പറഞ്ഞപ്പോൾ കുട്ടികൾക്കു കൊടുപ്പാൻ വെച്ചിട്ടുണ്ടെങ്കിൽ അതിൽനിന്നു വല്ലതും കിട്ടിയാൽ മതിയെന്നു പറഞ്ഞു. അദ്ദേഹത്തിന്റെ പരവശത കണ്ടിട്ടും ഇങ്ങിനെ പറഞ്ഞതുകൊണ്ടും

ഞാൻ കൂട്ടിക്കൊ വെച്ചിരുന്ന ചോറും കറിയും കൊടുത്തു. ഊൺ കഴിഞ്ഞപ്പോൾ അദ്ദേഹം "ഊൺ ഭേഷായി" എന്നു പറഞ്ഞു പോകയും ചെയ്തു.

ഇത്രയും കേട്ടപ്പോൾ നമ്പൂരി "അയ്യോ നാരായണാ! ചതിച്ചല്ലോ" എന്നു പറഞ്ഞു നിലംപതിച്ചു. അന്തർജ്ജനം അതിന്റെ അർത്ഥമെന്തെന്നറിയാതെ പകച്ചുനിന്നുപോയി. മക്കൾ രണ്ടുപേരും ഓടി അണഞ്ഞു നിലവിളിയും തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ അന്തർജ്ജനം നമ്പൂരിയോടു എന്താണ് ഇത്ര വലിയ ആപത്തു നേരിട്ടിരിക്കുന്നതെന്നു കരഞ്ഞുകൊണ്ടു ചോദിച്ചു.

നമ്പൂ:— ഈശ്വരാ! ഇനി എന്തെല്ലാം ആപത്തുകളാണ് വരാൻപോകുന്നത്. അന്നു നീ ഭക്ഷണംകൊടുത്തതു മഹാരാജാവിന്നാണ്. അതെത്രയോ നിസ്സാരമായിരുന്നില്ലേ? തമ്പുരാനെ ബഹുമാനിക്കാത്തതുകൊണ്ടു അദ്ദേഹം ക്ഷമിക്കുമോ? ദ്വേഷ്യപ്പെട്ടിരിക്കയാണ്. എന്നോടു വേഗത്തിൽ കടന്നുപോവാനാണ് കല്പിച്ചത്. സഹായിക്കേണ്ട ഭാവമൊന്നും കണ്ടില്ല. ഇനി എന്താണ് തമ്പുരാൻ ചെയ്യുവാൻ പോകുന്നതാവോ? ഇതു കേട്ടപ്പോൾ എല്ലാവൎക്കും പരിഭ്രമമായി. ഇനി മഹാരാജാവു വല്ല ഉപദ്രവവും ചെയ്യുമോ എന്നു എല്ലാവരും വ്യസനിച്ചു.

* * * * * * *

അതാ അകലെ നിന്നും ചില രാജകിങ്കരന്മാർ വരുന്നു. രണ്ടു വണ്ടിയും പിന്നാലെ വരുന്നുണ്ട്. ഒരു വണ്ടി നിറച്ചു നെല്ലും മറേറവണ്ടിയിൽ പലതരം വീട്ടുസാമാനം

ങ്ങളുമാണുള്ളത്. വണ്ടിയും രാജകിങ്കരന്മാരും അടുത്തുവരു ന്തോറും നമ്പൂതിരിയുടേയും അന്തർജ്ജനത്തിന്റെയും കുട്ടികളുടേയും ഉള്ളുരുകിത്തുടങ്ങി. എന്താണു് രാജകിങ്കരന്മാർ കല്പിപ്പാൻ പോകുന്നതെന്നറിയാതെ അവർ പരുങ്ങിനില്പായി. വണ്ടിയും മററും ഇല്ലത്തിന്റെ പടിക്കൽ എത്തിയ ഉടനെ പ്രമാണിയായ ഒരാൾ കടന്നുവന്നു നമ്പൂതിരിയെ വിളിച്ചു അദ്ദേഹം തന്നെയാണോ തലേദിവസം ശക്തൻതമ്പുരാന്റെ മുമ്പിൽ മുഖം കാണിച്ചതു എന്നു ചോദിച്ചു. ഉത്തരമായി നമ്പൂതിരി 'അതെ' എന്നു പറഞ്ഞു.

രാജകി:—ശക്തൻതമ്പുരാൻ തിരുമനസ്സിൽനിന്നു ഇവിടേത്തേക്കു ഒരു തിരുവെഴുത്തു കല്പിച്ചു തന്നയച്ചിട്ടുണ്ടു്. അതിതാ എന്നു പറഞ്ഞു നമ്പൂതിരിയുടെ കയ്യിൽ കൊടുത്തു. തിരുവെഴുത്തു ഇപ്രകാരമായിരുന്നു:—

"നാം ഒരുദിവസം വേഷപ്രച്ഛന്നനായി നമ്പൂരിയുടെ ഇല്ലത്തു വന്നു ഒരു നേരത്തെ ഊണുകഴിച്ചുപോന്നതു അന്തർജ്ജനത്തിൽനിന്നും അറിഞ്ഞിരിക്കുമല്ലോ. അന്നത്തെ ഊണുകൊണ്ടു നാം വളരെ തൃപ്തിപ്പെടുകയും നിങ്ങളുടെ ഔദാര്യശീലത്തെ മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. നമ്പൂരി കോവിലകത്തു വന്നപ്പോൾ നാം അല്പം പരുഷസ്വരത്തിൽ സംസാരിച്ചതു നിങ്ങളുടെ "ശുദ്ധത" എത്രത്തോളമുണ്ടെന്നു മനസ്സിലാക്കുവാൻവേണ്ടി മാത്രമായിരുന്നു. അതുകൊണ്ടു വ്യസനിക്കേണ്ട; ഇവർവശം നിങ്ങൾക്കായി ഒരു വണ്ടി നെല്ലും ഗൃഹസാമാനങ്ങളും അയക്കു

നുണ്ട്. പെൺകൊടകൾക്കു വേണ്ട സകല സാധനങ്ങളും കൊടുത്തയക്കുന്നു. അവയെ സ്വീകരിച്ചു വേണ്ടപോലെ പ്രവൎത്തിച്ചുകൊൾക. കേടുവന്ന ഇല്ലത്തെ ഒരു മാസത്തിനകത്തു കേടു തീൎക്കുന്നതിന്നും നാം ഏൎപ്പാടുചെയ്തിട്ടുണ്ട്. നിങ്ങളുടെ കുടുംബത്തിന്റെ ആവശ്യത്തിന്നു വേണ്ട വസ്തുക്കളും കരമൊഴിവായി തരുവാൻ നാം വിചാരിക്കുന്നുണ്ട്. അതുകൊണ്ടു അടുത്ത മാസം 15-ാംനു- കാലത്ത് കോവിലകത്തു വന്നു ചേരണം"

എഴുത്തുവായിച്ചു തീൎന്ന ഉടനെ കാൎയ്യക്കാർ തന്നെ ഏല്പിച്ചിരുന്ന സകല സാധനങ്ങളും നമ്പൂതിരിയെ ഏല്പിച്ചു രശീതി വാങ്ങി. നമ്പൂതിരി ഇതെല്ലാം കണ്ടപ്പോൾ സന്തോഷ സമുദ്രത്തിൽ നിമഗ്നനായി കരുണാവാരിധിയായ തമ്പുരാനെ പുകഴ്ത്തി. രാജകിങ്കരന്മാർ യാത്രയും പറഞ്ഞു, കോവിലകത്തേക്കു തന്നെ മടങ്ങിപ്പോയി.

* * * * * * *

എഴുത്തിൽ പറഞ്ഞിരുന്ന പ്രകാരം നമ്പൂതിരി 15-ാംനു- കോവിലകത്തു ചെന്നു തമ്പുരാനെ മുഖം കാണിച്ചു. തമ്പുരാൻ വാത്സല്യസൂചകമായ സംഭാഷണത്തിന്നു ശേഷം നമ്പൂതിരിയുടെ കാലക്ഷേപത്തിന്നു വേണ്ട വസ്തുക്കൾ കരമൊഴിവായി കൊടുത്തു. "അന്നത്തെ കോപ വാക്കുകൾക്കു" എന്നും പറഞ്ഞു തമ്പുരാൻ കഴുത്തിൽ അണിഞ്ഞിരുന്ന ഒരു സ്വൎണ്ണമാല എടുത്തു നമ്പൂതിരിയുടെ കഴുത്തിൽ അണിയിച്ചു.

SEN GUPTA MEMORIAL READING ROOM & LIBRARY PUTHIYARA.

# ചില അഭിപ്രായങ്ങൾ.

1. ഒരു നല്ല ഗദ്യകാരനായ ശ്രീമാൻ കെ. ആർ. ഭാസ്കരൻ എഴുതിയ ഒരു ചെറിയ ചരിത്രകഥയാണു് രാജകേസരി. ഔദാൎയ്യം എന്ന ഒരു ഗുണം ഇതിലെ രണ്ടു പാത്രങ്ങൾ വഴിയായി രണ്ടുതരത്തിൽ ഗ്രന്ഥകൎത്താവു വെളിപ്പെടുത്തിയിരിക്കുന്നു. ദാരിദ്ര്യദുഃഖത്തിൽ ആണ്ടുകിടക്കുന്ന അവസരത്തിങ്കൽ പോലും, മദ്ധ്യാഹ്നസമയത്തിൽ തന്റെ ഇല്ലത്തു കയറിവന്ന അതിഥിയെ സല്ക്കരിക്കുന്നതിന്നു, സ്വന്തം കുഞ്ഞിന്നു വെച്ചിരുന്ന ഒരു മുഷ്ടി അന്നവും ചീരക്കറിയും ത്യാഗം ചെയ്ത ആ നമ്പൂരിസ്ത്രീയുടെ ഔദാൎയ്യം ശക്തൻതമ്പുരാന്റെ ഔദാൎയ്യത്തെക്കൂടി അതിശയിക്കുന്ന ഒരു ഒന്നാംതരം ഉദാഹരണവും ലോകത്തിൽ ഏതു സ്ത്രീകളും അനുകരണീയവും ആകുന്നു. ദാരിദ്ര്യമുള്ളവരെ അന്വേഷിച്ചു കണ്ടുപിടിച്ചു, പരിശോധിച്ചറിഞ്ഞു, അവൎക്കു ഉചിതമായ ദാനങ്ങൾ ചെയ്തു സ്വധൎമ്മത്തെ നിറവേററിയ ശക്തൻതമ്പുരാന്റെ ഔദാൎയ്യം രാജാക്കന്മാൎക്കും പ്രഭുക്കന്മാൎക്കും ഉത്തമദൃഷ്ടാന്തമാകുന്നു. ഇതിലെ ഭാഷയും രചനാസമ്പ്രദായവും വളരെ നന്നായിട്ടുണ്ടു്. ലളിതപ്രധാനമായ ഗദ്യങ്ങളെക്കൊണ്ടു നിൎമ്മിക്കപ്പെട്ട ഈ രാജകേസരി ആൎക്കും വായിക്കുവാൻ കൊള്ളാവുന്ന ഒരു ചെറുഗ്രന്ഥമാകുന്നു. ഇതിന്റെ കൎത്താവിന്നു ഞങ്ങൾ സൎവ്വ വിജയത്തേയും ആശംസിക്കുന്നു.

ധൎമ്മം; ശിവഗിരി (VOL 2. NO. 5.)

2. കൊച്ചിരാജ്യത്തിന്റെ യഥാർത്ഥ പ്രതിഷ്ഠാപകനും, അതിധീരനും ആയ ശക്തൻതമ്പുരാന്റെ ദീനാനുകമ്പയേയും പരോപകാരവൈശിഷ്ട്യത്തേയും കാണിക്കുന്ന ഒരു കഥയാണ് ഇതിലെ കഥാവസ്തു. കൊച്ചുകുട്ടികൾക്കു പോലും വായിച്ചു മനസ്സിലാകത്തക്ക വിധത്തിൽ അത്ര ലളിതമായ ഭാഷയിലാണ് ഈ പുസ്തകത്തിന്റെ രചന ......പ്രാഥമികവിദ്യാലയങ്ങളിൽ ഇതിനെ ഒരു പാഠപുസ്തകമാക്കിയാൽ തരക്കേടില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം.

സിലോൺമലയാളി, കൊളമ്പ് (VOL 4. NO. 9)

3. .........കൊച്ചിരാജ്യത്തിനു ഇന്നീകാണുന്ന സകല ഉയർച്ചയുടേയും ബീജം ആ മഹാപുരുഷന്റെ അഗാധബുദ്ധിയിൽ വിളഞ്ഞതാണ്. അതുകൊണ്ടു അവിടുത്തെ ജീവചരിത്രത്തിലെ ഒരു സംഭവത്തെ വിശദീകരിക്കുന്ന ഈ പുസ്തകം പാഠപുസ്തകമായി സ്വീകരിക്കുവാൻ കൊച്ചി പാഠപുസ്തകക്കമ്മിറ്റിക്കാരോടു ഞങ്ങളപേക്ഷിക്കുന്നു.

സ്നേഹിതൻ; തൃശ്ശിവപേരൂർ (VOL. 2 NO. 21.)

4. കൊച്ചിരാജ്യചരിത്രത്തെ അലങ്കരിക്കുന്ന രാജകേസരികളിൽ ഔദാര്യം, ആജ്ഞാശക്തി, നീതിപരിപാലനവിദഗ്ദ്ധത, മുതലായ സദ്ഗുണങ്ങളെക്കൊണ്ടു പ്രഥമസ്ഥാനത്തെ അർഹിക്കുന്ന ശക്തൻതമ്പുരാൻ തിരുമനസ്സിലെ യോഗ്യതയെ ഉത്തമസാഹിത്യത്തിൽക്കൂടി നിലനിർത്തുവാൻ ഭാസ്കരൻ അവർകൾ ചെയ്തിട്ടുള്ള പ്രശംസ

നീയമായ പ്രയത്നത്തിന്റെ ഫലമാണ് 'രാജകേസരി'. ഭാഷയുടെ ലാളിത്യംകൊണ്ടും പ്രതിപാദനരീതിയുടെ വൈശിഷ്ട്യംകൊണ്ടും പ്രസ്തുത ഗ്രന്ഥം പൊതുജനങ്ങളുടെ ആത്മാർത്ഥമായ സ്വീകരണത്തെ അർഹിക്കുന്നുണ്ട്.

എഴുത്തച്ഛൻ; വടക്കാഞ്ചേരി (VOL 1. NO. 1)

5. ......വായനക്കാരുടെ ഹൃദയത്തെ ആകർഷിക്കത്തക്ക വിധമുള്ള രചനയാകുന്നു 'രാജകേസരി'യുടെ എതുഭാഗത്തും പ്രകാശിച്ചുകാണുന്നത് * * ഇതിൽ രാജധർമ്മം, ഗൃഹസ്ഥധർമ്മം തുടങ്ങിയ ചിന്തനീയങ്ങളായ ധർമ്മതത്വങ്ങൾ വിപുലങ്ങളാണ്. * * മി: ഭാസ്കരന്റെ സാഹിത്യപരിശ്രമം ഉയർന്നുവരുമെന്നുള്ളതിന്നു പക്ഷാന്തരമില്ല.

നവജീവൻ; ചങ്ങനാശ്ശേരി [VOL 3 NO 7]

6. ശിവലിംഗസ്വാമികൾ.

* * * സാരള്യലാളിത്യാദികൾകൊണ്ടു ഈ ഗദ്യനിബന്ധവും നിങ്ങളുടെ മുൻകൃതികളെന്നപോലെതന്നെ, എന്നെ സന്തോഷിപ്പിക്കുന്നു. നിങ്ങളുടെ സാഹിത്യവിഹാരത്തിന്നു സൌഭാഗ്യം വർദ്ധിക്കട്ടെ!

വള്ളത്തോൾ

**Kerala Bhanu Book Depot**
**Pudukad.**
COCHIN STATE.

## വില്പാൻ തയ്യാർ:

---

(1) ധീരവനിത (കെ. ആർ. ഭാസ്കരൻ) വില 0-4-0 (2) രജനീരംഗം 0 8-0 (3) മുല്ലമാല 0-3-0 (4) ശിവലിംഗസ്വാമികൾ 0-8-0 (5) പൂമൊട്ടുകൾ 0-4-0 (6) സാഹിത്യകുസുമങ്ങൾ (കെ. കെ. അയ്യപ്പൻ) 0-4-0 (7) സ്തവരത്നാകരം 0-6-0 (8) ചാർമവ്വേഷ്- അഥവാ സുൽത്താനും നാലു സന്യാസിമാരും 1-0-0 (9) ജന്തുശാസ്ത്രം [കെ സുകുമാരൻ ബി. എ] 4 ഭാഗം 3-4-0 (10) സന്യാസി 0-4-0 (11) സംയോഗചിന്താരത്നം 0-12-0 (12) ദാമ്പത്യരത്നം 2-0-0 (13) കണ്ണനീത്തുള്ളി (നാലപ്പാടൻ) 0 8-0 (14) കൊച്ചുസീത [വള്ളത്തോൾ] 0-6-0 (15) ശകുന്തള 0-4-0 (16) ഭാഷാഭർത്തൃഹരി 0-4-0 (17) ഒഹാവിലാപം 0-1-0 (18) കെടാവിളക്കുകൾ 0-4-0 (19) ഗുരുചരിതം 0-0-9 (20) ശാന്തകുമാരി 1-4-0 (21) കനകാലയം 1-4-0 (22) ഗോഹർജാൻ 1-0-0 [23] സ്വർണ്ണകുമാരി 0-8-0 [24] ശ്രീരാമലക്ഷ്മണന്മാർ 0-10-0 [25] പതിനെട്ടര കവികൾ 0-6-0 [26] ഭാഗ്യദീപം 0-6-0 [27] മദനമാല 0-4-0 [28] ആരോമലുണ്ണി [സി. എ. കിട്ടുണ്ണി] 0-6-0 [29] ഇസ്ലാം രാജാക്കന്മാർ 1-8-0 [30] ലഘുപാചകം [പാറുക്കുട്ടിയമ്മ] 0-8-0. വേറെയും പല പുസ്തകങ്ങളുണ്ട്. അപേക്ഷിക്കുക—

മാനേജർ, കേരളഭാനു ബുക്ക് ഡപ്പോ

പുതുക്കാട്, [കൊച്ചിൻസ്റ്റേറ്റ്]

## പ്രേമാങ്കുരം.

[ഒരു രസികൻ സാമുദായിക നോവൽ]

കവിസാൎവ്വഭൗമൻ വള്ളത്തോളിൻെറ പ്രൗഢമനോഹരമായ അവതാരികയാൽ അലങ്കരിക്കപ്പെട്ടതും, ധൎമ്മ സഹപത്രാധിപരായിരുന്ന ശ്രീമാൻ കെ. ആർ. ഭാസ്കരനാൽ എഴുതപ്പെട്ടതുമായ ഒരു വിശിഷ്ടസാമുദായികനോവൽ. സൎവ്വസമുദായമൈത്രിയെ ഉദ്ദേശിച്ചു എഴുതപ്പെട്ടിട്ടുള്ള ഈ കൃതി എല്ലാ മലയാളികളും വായിച്ചുനോക്കേണ്ടതാണ്. വായിച്ചുതുടങ്ങിയാൽ അവസാനിക്കുന്നതുവരെ പുസ്തകം താഴത്തു വെക്കുന്നതല്ല. ഇതിലെ വൎണ്ണനാചാതുരിയും ഭാഷാരീതിയും വായിച്ചുതന്നെ അറിയേണ്ടതാണ്. "വൈദഗ്ദ്ധ്യശാലിയായ" ദ്ദേവസ്ഥാകാവ്യ്യാഘ! നിനക്കിതാ കുരാമൻകൊച്ചുരജൻ പിറന്നിരിക്കുന്നു എന്നാണ് മഹാകവി വള്ളത്തോൾ അവതാരികയിൽ പറഞ്ഞിരിക്കുന്നത്. വായിച്ചു രസിപ്പിൻ! ഒന്നിനു വില നാലണ. ഡസനു 2ക 8ണ മാത്രം. ഉടൻ അപേക്ഷിക്കുക!

ഗ്രന്ഥകൎത്താവിൻെറ മററുകൃതികൾ.

2 ധീരവനിത [അവതാരിക വള്ളത്തു] വില 4ണ
3 വീരതരുണി [,, രാമവൎമ്മതമ്പാൻ] ,, 5ണ
4 രാജകേസരി ,, സി. കൃഷ്ണൻകൎത്താ] ,, 2ണ
5 ശിവലിംഗസ്വാമികൾ [സ്വാമി ധൎമ്മതീൎത്ഥർ] 8ണ

അധികം പുസ്തകമെടുക്കുന്നവൎക്ക് ന്യായമായ കമ്മീഷൻ കൊടുക്കും. സിലോൺ, ബൎമ്മ, കോഴിക്കോട്, തിരുവനന്തപുരം മുതലായ സ്ഥലങ്ങളിൽ ഏജണ്ടുമാരെ ആവശ്യമുണ്ട്. മലയാളത്തിലെ മിക്ക കൃതികളും വില്പാൻ തയ്യാർ. പുസ്തകപ്പട്ടിക ഇനാം. മാനേജർ,

കേരളഭാരത ബുക്ക്ഡിപ്പോ, പുതുക്കാട്. (കൊച്ചിൻസ്റ്റേററ്)

260050

A- 521

~~480~~

521

260050

Indic Digital Archive Foundation
gpura.org